# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തെങ്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD25-581/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 03/05/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡൻറ് (സെക്രട്ടറി മുഖേന)
തെങ്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD25-581/2023 തീയ്യതി: 03/05/2023

# പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2022 മുതൽ 05-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.എസ്.സാബു | ഡെപ്യൂട്ടി ഡയറക്ടർ. | 06-03-2023 | 15-03-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-03-2023 | 15-03-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. എ. സുജാത, അസി.ഓഡിറ്റ് ഓഫീസർ,

ശ്രീമതി.രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ,

ശ്രീമതി.ആതിര.എച്ച്, സീനിയർ ഗ്രേഡ് ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷൗക്കത്തലി.എ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ്.പി | സെക്രട്ടറി | 01-04-2021 | 11-06-2021 |
| ശ്രീമതി.അംബികാദേവി.ക.കെ | സെക്രട്ടറി | 08-07-2021 | 23-07-2021 |
| ശ്രീ.ഉദയൻ മേനോൻ.പി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-07-2021 | 04-08-2021 |
| ശ്രീ.ജയൻ ജോണി | സെക്രട്ടറി | 05-08-2021 | 31-12-2021 |
| ശ്രീ.ഉദയൻ മേനോൻ.പി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-01-2022 | 04-01-2022 |
| ശ്രീ.ഹരിമോഹൻ ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 05-01-2022 | 31-03-2022 |
| ശ്രീ.ഉമ്മർഫാറൂഖ്.പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-06-2021 | 07-07-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 11-06-2021 |
| ശ്രീ.ഉമ്മർഫാറൂഖ്.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 12-06-2021 | 07-07-2021 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 08-07-2021 | 13-07-2021 |
| ശ്രീ.ഉദയൻ മേനോൻ.പി.എം | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2021 | 31-03-2022 |
| ശ്രീമതി.മല്ലിക.കെ.പി | വി.ഇ.ഒ | 01-04-2021 | 03-09-2021 |
| ശ്രീ.മഹേഷ്.ടി.എം | വി.ഇ.ഒ | 04-09-2021 | 31-03-2022 |
| ശ്രീമതി.അലീന | അസി.എഞ്ചിനീയർ | 01-04-2021 | 16-07-2021 |
| ശ്രീ.റഷീദ്.ഇ | അസി.എഞ്ചിനീയർ | 17-07-2021 | 31-08-2021 |
| ശ്രീമതി.സജിത | അസി.എഞ്ചിനീയർ | 01-09-2021 | 04-02-2022 |
| ശ്രീമതി.ദീപ്തി മോണിക | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജീവ.എൽ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.അനിഷ.കെ.എ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ആനി അലക്സ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീദേവി.കെ.എം | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രി.അനീഷ് നാരായണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലതാകുമാരി.കെ.ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 09-09-2021 |
| ശ്രീമതി.സുസ്മി.എ.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 10-09-2021 | 31-03-2022 |
| ശ്രീമതി.നമിത.ടി.ജി | അസി.എഞ്ചിനീയർ | 05-02-2022 | 31-03-2022 |

-

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | കാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | തൊഴിൽ നികുതി പിരിച്ചെടുത്തില്ല | 1-11-1 |
| 14 | വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 1-11-2 |
| 15 | തൊഴിൽ നികുതി-അപാകതകൾ | 1-11 |
| 16 | ഗണം തെറ്റായി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം | 1-12 |
| 17 | വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്ക് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല. | 1-13-1 |
| 18 | അപേക്ഷകളിൽ  മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. | 1-13-2 |
| 19 | ലൈസൻസ് ബാധകമായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | 1-13-3 |
| 20 | ലൈസൻസ് ഫീസ് ഈടാക്കിയതിലുള്ള അപാകതകൾ | 1-13 |
| 21 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-14 |
| 22 | പാലിന് ഇൻസെന്റീവ്- രണ്ട് ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികമായി തുക നൽകി | 1-15 |
| 23 | മൃഗാശുപത്രിയിലേയ്ക്ക് ബൈനോകുലർ മൈക്രോസ്കോപ്പ് വാങ്ങൽ- തുക അധികം നൽകി | 1-16 |
| 24 | വൃദ്ധർക്ക് കട്ടിൽ-വാങ്ങൽ നടപടിക്രമങ്ങളിൽ അപാകം | 1-17 |
| 25 | പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ഡ്രൈവറെ നിയമിച്ചതിലെ അപാകത | 1-18 |
| 26 | PMAY വിഹിതം(ജനറൽ)-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-19-1 |
| 27 | PMAY വിഹിതം അനുവദിക്കൽ( SCP- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-19-2 |
| 28 | PMAY പദ്ധതിയ്ക്ക് വിഹിതം നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 29 | തെരുവ് വിളക്ക് സ്ഥാപിക്കൽ- വാങ്ങൽ നടപടിക്രമങ്ങളിൽ അപാകം | 1-20 |
| 30 | കെ.എസ്.ഇ.ബിയ്ക്ക് തുക നല്കിയത്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-21 |

| | | |
|---|---|---|
| 31 | പി എച്ച് സി കെട്ടിടത്തിന് വിഹിതം നല്കൽ-പദ്ധതി പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-22 |
| 32 | അമൃതം ന്യൂട്രിമിക്സിനുള്ള ചെലവ്-ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-23 |
| 33 | വൃദ്ധർക്ക് കട്ടിൽ(ജനറൽ) - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-24 |
| 34 | മാലിന്യസംസ്കരണം-എം സി എഫ് സ്ഥാപിച്ചിട്ടില്ല | 1-25 |
| 35 | ലൈഫ് ഭവനം പൂർത്തീകരിക്കാത്തവർ- ജനറൽ | 1-26-1 |
| 36 | ലൈഫ് ഭവനം പൂർത്തിയാക്കാത്തവർ -എസ്.റ്റി | 1-26-2 |
| 37 | ലൈഫ് ഭവന നിർമാണം പൂർത്തിയാക്കേണ്ടതാണ് | 1-26 |
| 38 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളിൽ നിന്ന് ഈടാക്കിയ നികുതികൾ അടവാക്കിയില്ല | 1-27 |
| 39 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-28 |
| 40 | മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-29 |
| 41 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

22-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1950026 |
| തൻവർഷം വരവ് | 263821515 |
| ആകെ വരവ് | 265771541 |
| ചെലവ് | 263426150 |
| നീക്കിയിരിപ്പ് | 2345391 |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1)വാർഷികകണക്ക് സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല

2)2021-22 കാലയളവിൽ പ്രതിമാസം റിക്കൺസിലിയേഷൻ നടത്താതെ വർഷാവസാനം മാത്രമാണ് അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ നടത്തിയിരിക്കുന്നത്.

3)പേമെന്റ് ഓർഡറുകൾ യഥാസമയത്ത് രേഖപ്പെടുത്താതെ പെൻഡിംഗ് ടാസ്ക് ഉപയോഗിച്ച് ചെലവുകൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഉദാ-ചെക്ക് നം.316205/16.2.22 പേമെന്റ് ചെയ്ത തീയതി-27.3.22

ചെക്ക് നം.316211/25.2.22 പേമെന്റ് ചെയ്ത തീയതി-31.3.22

4)മെയിന്റനൻസ് ഗ്രാന്റ്(റോഡ്) എ സി ആർ പ്രകാരം ചെലവ് 9077798/- രൂപയാണെങ്കിലും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് 8587914/- രൂപ മാത്രമാണ്

5)മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) എ സി ആർ പ്രകാരം ചെലവ് 3275380/- രൂപയാണെങ്കിലും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് 3054783/- രൂപ മാത്രമാണ്

6) KURDFC ലോൺ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

7) സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന ഫണ്ട് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് എ സി ആർ സൂക്ഷിച്ചിട്ടില്ല.

8)ബാലൻസ് ഷീറ്റ് പ്രകാരം (ബി4 ഷെഡ്യൂൾ ) സംയുക്തപദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ 8569500/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുക 3719774/- രൂപയും (4849726/- രൂപ കുറവ്) ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 3718691/- രൂപയും മാത്രമാണുള്ളത്.

ചെലവഴിക്കാൻ അവശേഷിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും തിരിച്ചടച്ചിട്ടില്ല

9) സമ്പൂർണ ശുചിത്വം, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ വരവ് ചെലവുണ്ടെങ്കിലും ആയത് രേഖപ്പെടുത്തുന്നതിന് എ സി ആർ സൂക്ഷിച്ചിട്ടില്ല

10)സി.എഫ്.സി ടൈഡ് ഗ്രാന്റിന്റെ (സ്പിൽ ഓവർ) ചെലവ് ഹെഡ് മാറി ബേസിക് ഗ്രാന്റിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്

11)ധനകാര്യകമ്മീഷൻ ഗ്രാന്റിലെ ബില്ലുകളിൽ നിന്ന് പിടിച്ചിട്ടുള്ള ജി എസ് ടി തുകകൾ ഐ എൽ ജി എം എസിൽ ചെലവ് രേഖപ്പെടുത്തി അടവാക്കിയിട്ടില്ല. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റിൽ ഇവയുൾപ്പെടുന്ന തുകയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്(ന്യൂ) എ.സി ആർ പ്രകാരം വരവ് ₹.3976000/- രൂപയാണ്. വാർഷികകണക്കിൽ വരവായി എടുത്തിട്ടുള്ളത് ₹.4014876/- രൂപയാണ്. ഇ-ഗ്രാമസ്വരാജ് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരുപ്പും ഐ എൽ ജി എം എസ് പ്രകാരമുള്ള കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല

12)താഴെപ്പറയുന്ന ചെലവുകൾ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

എ)ഒ ഡി എഫ് പ്ലസ് എന്ന പദ്ധതിയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 153000/- രൂപയാണെങ്കിലും ഇ-ഗ്രാമസ്വരാജിൽ രേഖപ്പെടുത്തിയത് 98600/- മാത്രമാണ്.

ബി) പ്രൊജക്ട് നം.46/22 ആയുർവേദാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരമുള്ള 1700000/- രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല

13)സുലേഖ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ കൈതച്ചിറ എസ് ടി കോളനി കുടിവെള്ള പദ്ധതി എന്ന പ്രൊജക്ട് പ്രകാരമുള്ള 280380/- രൂപയുടെ ചെലവ് ഇ-ഗ്രാമസ്വരാജിൽ രേഖപ്പെടുത്തിയിട്ടില്ല.

14)അഡ്വാൻസ് രജിസ്റ്ററിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ഇനത്തിലുള്ള അഡ്വാൻസ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

അഡ്വാൻസ് രജിസ്റ്ററിൽ മറ്റ് ഏജൻസികൾക്ക് നൽകുന്ന അഡ്വാൻസുകളുടെ വിവരം രേഖപ്പെടുത്തുന്നില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം ക്രമീകരിക്കുവാനുള്ള അഡ്വാൻസ് തുകകളുടെ വിശദവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലഡ്ജറുകളിലും Narration കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. 2021-22 വർഷത്തിൽ കെ എസ് ഇ ബിക്ക് നൽകിയ മുൻകൂർ Advance To Implementing Agencies എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല

15) പെർമിറ്റ്, തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നീ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിൽ വാർഷികസംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല

16)ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

17) ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

18) അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

19)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 23.08.2022 | - | - |

1994 ലെ കേരള ലോക്കൽഫണ്ട് നിയമം 9-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനുള്ളിൽ (ജൂലൈ 31) വാർഷിക കണക്കുകൾ ഹാജരാക്കേണ്ടതാണ്. എന്നാൽ ജൂലൈ 31 നു ശേഷമാണ് വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് നൽകിയിട്ടുള്ളത്.
വാർഷിക ധനകാര്യപത്രിക സമയബന്ധിതമായി ഹാജരാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10154468 |
| വരവ് | 85843280 |
| ആകെ | 95997748 |
| ചെലവ് | 73663047 |
| നീക്കിയിരിപ്പ് | 22334701 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് –ജനറൽ (*) | 0 | 13995113 | 13995113 | 13981766 | 13347 |
| വികസനഫണ്ട് –എസ്.സി.പി (**) | 0 | 5515733 | 5515733 | 3845409 | 1670324.00 |
| വികസനഫണ്ട് –ടിഎസ്.പി | | 1524100 | 1524100 | 1079000 | 445200.00 |
| മെയ്ന്റനൻസ് ഗ്രാന്റ് –റോഡ് | 0 | 11389007 | 11389007 | 9077798(#) | 2311209.00 |
| മെയ്ന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 7360966 | 7360966 | 3275380(##) | 4085586.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New*** | 0 | 4014876 | 4014876 | 3179069 | 835807 (ബാങ്കിൽ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New*** | 0 | 5964000 | 5964000 | 1576910 | 4387090 (ബാങ്കിൽ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 113830.00 | 113830.00 | 0(###) | 113830.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 6176279 | 6176279 | 554890 | 5621389 |

(#)മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിലെ എ സി ആർ പ്രകാരം ചെലവ് 9077798/- രൂപയാണെങ്കിലും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് 8587914/- രൂപ മാത്രമാണ്

(##)മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് എ സി ആർ പ്രകാരം ചെലവ് 3275380/- രൂപയാണെങ്കിലും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് 3054783/- രൂപ മാത്രമാണ്

(###) ടൈഡ് ഗ്രാന്റിന്റെ ചെലവ് ഹെഡ് മാറി ബേസിക് ഗ്രാന്റിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 7344920/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 586667/- മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(***)കേന്ദ്ര ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്(ന്യൂ) എ.സി ആർ പ്രകാരം വരവ് ₹ 3976000/- രൂപയാണ്. വാർഷികകണക്കിൽ വരവായി എടുത്തിട്ടുള്ളത് ₹ 4014876/- രൂപയാണ്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ചെലവ് രേഖപ്പെടുത്തിയതിൽ സംഭവിച്ച പിഴവുകൾ മൂലം താഴെപ്പറയുന്ന അപാകതകൾ കാണുന്നുണ്ട്.

എ)നീക്കിയിരുപ്പിലുള്ള വ്യത്യാസം

എ സി ആർ പ്രകാരമുള്ള നീക്കിയിരിപ്പ് തുക-5184021/-

ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പ്-5268084/-

R&P സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക- 5300580/-

വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല

ബി)ടൈഡ് ഫണ്ട് -സ്പിൽ ഓവർ- പ്രൊജക്ടുകളുടെ ചെലവ് ബേസിക് ഗ്രാന്റിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സി)ധനകാര്യകമ്മീഷൻ ഗ്രാന്റിലെ ബില്ലുകളിൽ നിന്ന് പിടിച്ചിട്ടുള്ള നികുതികൾ തുകകൾ ഐ എൽ ജി എം എസിൽ ചെലവ് രേഖപ്പെടുത്തി അടവാക്കിയിട്ടില്ല. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റിൽ ഇവയുൾപ്പെടുന്ന തുകയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഡി)ഒ ഡി എഫ് പ്ലസ് എന്ന പദ്ധതിയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 153000/- രൂപയാണെങ്കിലും ഇ-ഗ്രാമസ്വരാജിൽ രേഖപ്പെടുത്തിയത് 98600/- മാത്രമാണ്

ഇ)കൈതച്ചിറ എസ് ടി കോളനി കുടിവെള്ള പദ്ധതി എന്ന പ്രൊജക്ട് പ്രകാരമുള്ള 270368/- രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

കേന്ദ്രാവിഷ്കൃതം

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 349033 | 964666 | 1313699 | 864837 | 448862 |

2. തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11403 | 1711039 | 1722442 | 1717036 | 5406 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 58800487 | 58800487 | 58800487 | 0 |
| ആകെ | 11403 | 60511526 | 60522929 | 60517523 | 5406 |

MGNREGS – ഇൻകം & എക്സ്പെൻഡിച്ചർ വരവിലെ (ഷെഡ്യൂൾ I-6) തുകയും I-14(C) പ്രകാരമുള്ള തുകകളും തമ്മിൽ വ്യത്യാസമുണ്ട്. I-6 പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്.

3.സമ്പൂർണ്ണശുചിത്വ ഫണ്ട്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 484500 | 170000 | 654500 | 340000 | 314500 |

4.PYKA

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 36 | 0 | 36 | 0 | 36 |

5.RSBY ഫണ്ട്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 10400 | 0 | 10400 | 10400 | 0 |

സംസ്ഥാനാവിഷ്കൃതാവിഷ്കൃത ഫണ്ടുകൾ

1. ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ ഫണ്ട് | 3606423 | 1946423 | 5552846 | 3606423 | 1946423 |

2.ലൈഫ് മിഷൻ സംസ്ഥാനവിഹിതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | 100000 | 2300000 | 2400000 | 2400000 | 0 |

മുന്നിരിപ്പ് തുക മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിട്ടില്ല

മറ്റ് ഫണ്ടുകൾ

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വിമുക്തി ഫണ്ട്-(എക്സൈസ് വകുപ്പ്) | 11438 | 011438 | 11438 | 0 | 11438 |
| ST ക്കോർപ്പസ് ഫണ്ട് | 490000 | 0 | 490000 | 0 | 490000 |
| ആയുർവേദ വകുപ്പ് | 45506 | 0 | 45506 | 0 | 45506 |

## 1-5-1 പദ്ധതി അവലോകനം

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 3567000 | 2323201 | 65.13 |
| വെറ്ററിനറി സർജ്ജൻ | 9 | 7 | 4979200 | 783946 | 15.74 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 1285000 | 1068564 | 83.16 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 2 | 1 | 500000 | 100000 | 20 |
| വി.ഇ.ഒ | 18 | 14 | 83596730 | 18792024 | 22.48 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 6 | 6175354 | 4440026 | 71.9 |
| സെക്രട്ടറി | 48 | 33 | 22818541 | 15556817 | 68.18 |
| അസി.സെക്രട്ടറി | 12 | 6 | 4062000 | 1145299 | 28.2 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 119 | 71 | 31783495 | 14117651 | 44.42 |
| എച്ച്.എം | 3 | 3 | 624000 | 622444 | 99.75 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 900000 | 900000 | 100 |
| ആകെ | 234 | 152 | 160291320 | 59849972 | 37.34 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 160291320 | 152 | 59849972 | 0 | 82 | 64.96 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 65% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 37.3% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11403 | 1711039 | 1722442 | 1717036 | 5406 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 58800487 | 58800487 | 58800487 | 0 |
| ആകെ | 11403 | 60511526 | 60522929 | 60517523 | 5406 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5,036,400 | 283 |
| 2 | വിധവാ പെൻഷൻ | 26,509,000 | 1479 |
| 3 | വാർദ്ധക്യകാല പെൻഷൻ | 34,084,600 | 2200 |
| 4 | വികലാംഗ പെൻഷൻ | 6,418,200 | 382 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1,400,800 | 83 |
| 6 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180,000 | 6 |

## 1-8 കാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-03-2023 ന് 11.00 A.M – ന് സ്ഥാപനത്തിലെ ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. 735/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ രസീതികൾ മുഖേന കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

2021-22 കാലയളവിൽ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ കൃത്യമായി നടത്തിയിട്ടില്ല. എല്ലാ അക്കൗണ്ടുകളും പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വാർഷികകണക്ക് സമയബന്ധിതമായി സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളിൽ ചെക്ക് അനുവദിക്കുന്ന ദിവസം തന്നെ ഐ എൽ ജി എം എസിൽ ചെലവ് രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തനത് ഫണ്ട് വൗച്ചറുകളിൽ എല്ലാ അനുബന്ധരേഖകളും ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.
ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.

സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക

തിരിച്ചടക്കേണ്ടതാണ്.

അസി.എഞ്ചിനീയറുടെ ഫയലുകളിൽ എല്ലാ രേഖകളും ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2018 സെപ്റ്റംബർ മാസത്തിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11 മുതൽ 2017-18 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 26-12-22 തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ നവംബർ 22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11-1 തൊഴിൽ നികുതി പിരിച്ചെടുത്തില്ല.

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ വകുപ്പ് 204, 205 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2021-22 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | രാജാസ് മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സീനിയർ സെക്കണ്ടറി സ്കൂൾ, പുഞ്ചക്കോട് | 1 & 2 |
| 2 | പി.എസ് പെട്രോൾ പമ്പ്, ആനമൂളി | 1 & 2 |
| 3 | ക്ഷീര സഹകരണസംഘം (വെള്ളാരംകുന്ന്) | 1&2 |
| 4 | ക്ഷീര സഹകരണസംഘം (തെങ്കര) | 2 |

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം18/14.03.2023) ലഭിച്ച മറുപടി.

## 1-11-2 വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കാവുന്നതാണ്.

1) പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വ്യാപാരികളുടെ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനോ വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവിന്റെ

കൃത്യത പരിശോധിച്ചുറപ്പിക്കാനോ കഴിഞ്ഞിട്ടില്ല.
വാർഡ് തിരിച്ചുള്ള വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും ലഭിക്കാനുള്ള തുകയുടെ കൃത്യത ബന്ധപ്പെട്ട ജീവനക്കാർ പരിശോധിച്ചുറപ്പിക്കേണ്ടതുമാണ്.
2) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷാവസാനം സംക്ഷിപ്തം എഴുതി ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൻവർഷം തൊഴിൽനികുതി ഇനത്തിൽ ലഭ്യമായ തുകയുടെ കൃത്യത വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.
തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ILGMS ന്റെ ഭാഗമാക്കാത്ത സാഹചര്യത്തിൽ ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതിലെ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഇനി മുതൽ എഴുതി സൂക്ഷിക്കുന്നതാണ് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/14.03.2023) ലഭിച്ച മറുപടി.

## 1-11 തൊഴിൽ നികുതി-അപാകതകൾ

2021-22 വർഷത്തിലെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതു സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-12 ഗണം തെറ്റായി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | പ്രാബല്യം | പ്രതി വർഷ നഷ്ടം |
|---|---|---|---|---|---|---|
| 7/669 | രവീന്ദ്രൻ | 151 | 40x151= 6040<br>ഇളവ് =10%<br>വർദ്ധനവ്=20%<br>BT=6644<br>LC=333<br>Total= 6977 | 60X151= 9060<br>ഇളവ് =10%<br>വർദ്ധനവ്=20%<br>BT=9966<br>LC=498<br>Total=10464 | 2013 | 3487 |

2013 പ്രാബല്യത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ള 151 ച.മീ വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുൾപ്പെടുത്തിയതിനാൽ 3020രൂപ പ്രതിവർഷ നഷ്ടം ഉണ്ടാകുന്നുണ്ട്. അതുകൊണ്ടുതന്നെ മേൽ കെട്ടിടത്തിന്റെ ഫോം-6 പരിശോധിക്കേണ്ടതും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതും കെട്ടിടത്തിന്റെ ഫോം-6 സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

പഞ്ചായത്തിന് നഷ്ടം വന്ന തുക ഈടാക്കുന്നതിനായി ടി വ്യക്തിയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(നം.16/14.03.2023) ലഭിച്ച മറുപടി.

**1-13-1 വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്ക് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 17, ചട്ടം 18 എന്നിവ പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ഈടാക്കാവുന്ന ഫീസ് ഈ നിയമങ്ങളുമായി ചേർത്തിട്ടുള്ള പട്ടിക III-ൽ നൽകിയിട്ടുണ്ട്. എന്നാൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|
| 1 | B3 931/2022, 10.03.2022 | വിജി റൈസ് മിൽ, കോൽപ്പാടം | 10 HP | 100 |
| 2 | B3 720/2022, 23.02.2022 | ഫാത്തിമ സാമിൽ | 36 HP | 400 |
| 3 | B3 773/2022, 28.02.2022 | ആർദ്ര ഫ്ലോർ ആന്റ് ഓയിൽ മിൽ | 10 HP | 100 |
| 4 | B3 704/2022, 12.02.2022 | ടാർ മിക്സിങ്ങ് പ്ലാന്റ് | 549.59 HP | 5490 |
| 5 | B3 749/2022, 25.02.2022 | ഐഡിയൽ മെറ്റൽ ഇൻഡസ്ട്രീസ് | 12 HP | 200 |

വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്ക് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 17/14.03.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്ക് ചട്ട പ്രകാരം ഈടാക്കാവുന്ന ഫീസ് ഈടാക്കി കൊണ്ട് ലൈസൻസ് അനുവദിക്കേണ്ടതാണ്.

**1-13-2 അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല.**

ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ രേഖപ്പെടുത്തിയതായി കാണുന്നില്ല. മൂലധന നിക്ഷേപം രേഖപ്പെടുത്താതെ എപ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/14.03.23) ലഭിച്ച മറുപടി, ഇനി മുതൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണ് എന്നാണ്.

ലൈസൻസിനുള്ള അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തേണ്ടതും സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്ന വിവരം എന്നിവ ചേർക്കേണ്ടതാണ്.

**1-13-3 ലൈസൻസ് ബാധകമായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.**

1) 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ) ചട്ടങ്ങളിലെ പട്ടിക I -ലെ ക്രമ നമ്പർ 142, 143 പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ

സ്ഥാപനങ്ങൾ, ലാബുകൾ എന്നിവ പ്രവർത്തിക്കുന്നതിന് ലൈസൻസ് എടുക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഇത്തരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

2) പട്ടിക I -ലെ ക്രമ നമ്പർ 149,139,95 പ്രകാരം റേഷൻകടകൾ, കള്ള്ഷാപ്പുകൾ, പെട്രോൾ പമ്പുകൾ മുതലായവ ലൈസൻസ് എടുക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തെങ്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, കള്ള്ഷാപ്പുകൾ, പെട്രോൾ പമ്പുകൾ മുതലായവ ലൈസൻസ് എടുത്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/14.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും അവയിൽ നിന്നും അനുസൃതമായിട്ടുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 ലൈസൻസ് ഫീസ് ഈടാക്കിയതിലുള്ള അപാകതകൾ

2021-22 വർഷത്തിൽ അനുവദിച്ച ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-14 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1999- ലെ കേരള പഞ്ചായത്ത്‌രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷന്റെയും രജിസ്ട്രേഷൻ പുതുക്കിയതിന്റെയും വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

തെങ്കര ഗ്രാമപഞ്ചായത്തിൽ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തൻവർഷത്തിൽ ഫീസിനത്തിൽ ലഭ്യമായ തുകയുടെയും എത്ര സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തു എന്നതിന്റെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.20/15.03.2023 ) ലഭിച്ച മറുപടി.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കേണ്ടതും അവയുടെ രജിസ്ട്രേഷൻ/ പുതുക്കൽ സംബന്ധിച്ച വിവരങ്ങൾ, ഡി.സി.ബി എന്നിവ എഴുതിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 1-15 പാലിന് ഇൻസെന്റീവ്- രണ്ട് ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികമായി തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | 45/22 (പാലിന് സബ്സിഡി) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | 900000/- (600000- വികസനഫണ്ട്-ജനറൽ, 200000-ബ്ലോക്ക് വിഹിതം, 100000- ജില്ലാ പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| ചെലവ് | 900000/- (600000-വികസനഫണ്ട്-ജനറൽ, 200000-ബ്ലോക്ക് വിഹിതം, 100000- ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നം | 1/15.11.21, തുക.281958/-<br>2/15.11.21, തുക.195441/-<br>3/15.11.21, തുക.85425/-<br>4/15.11.21, തുക.37176/-<br>5/29.12.21, തുക.30102/-<br>6/29.12.21, തുക.88488/-<br>7/29.12.21, തുക.72783/-<br>8/29.12.21, തുക.8627/-<br>9/31.12.21, തുക.5311/-<br>10/31.12.21, തുക.14676/-<br>11/31.12.21, തുക.44004/-<br>12/31.12.21, തുക.36009/- |

തെങ്കര ഗ്രാമപഞ്ചായത്തിലെ ക്ഷീര സംഘത്തിൽ കർഷകർ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ 4 രൂപ നിരക്കിൽ പരമാവധി ഒരാൾക്ക് ₹.40000/- രൂപ ഇൻസെന്റീവ് അനുവദിക്കുന്നതിന് തദ്ദേശ സ്ഥാപനത്തിന്റെ വിഹിതമായി പരമാവധി 3 രൂപ നൽകുന്നതാണ് പ്രോജക്ട്.

തെങ്കര ക്ഷീരോല്പാദക സഹകരണ സംഘത്തിൽ പാലളക്കുന്ന രണ്ട് കർഷകർക്ക് 2021 ജൂൺ മാസത്തിൽ അളന്ന പാലിനുള്ള സബ്സിഡി തുക അധികമായി നൽകിയിട്ടുണ്ട് (ബിൽ നം.1/15.11.21, തുക.281958/-). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അളന്ന പാല് (ലിറ്റർ) | നൽകാവുന്ന തുക (3/ ലിറ്റർ) | നൽകിയ തുക | അധികമായി നൽകിയത് |
|---|---|---|---|---|
| വേലു.കെ (ആധാർ നം. 450024818653) | 323 | 969 | 9690 | 8721 |
| കെ.കൃഷ്ണൻകുട്ടി (ആധാർ നം. 494017792998) | 221 | 663 | 6630 | 5967 |
| **ആകെ** | | | | **14688/-** |

കണക്കാക്കിയതിലെ തെറ്റു കാരണമാണ് തുക അധികം നൽകിയത് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/10.03.2023 ) ലഭിച്ച മറുപടി. ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ ഭാഗമായി പാലിന് സബ്സിഡി ഇനത്തിൽ അധികമായി നൽകിയ **14688/-** രൂപ സർക്കാരിലേയ്ക്ക് നിർവഹണ ഉദ്യോഗസ്ഥൻ തിരിച്ചടച്ചു (രശീതി നം.K1030388562202223M, തിയതി.14.03.2023).
ഭാവിയിൽ ഇത്തരം തെറ്റുകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 മൃഗാശുപത്രിയിലേയ്ക്ക് ബൈനോകുലർ മൈക്രോസ്കോപ്പ് വാങ്ങൽ- തുക അധികം നൽകി

| | |
|---|---|
| പ്രോജക്ട് നം. | 63/22 (മൃഗാശുപത്രിയിലേയ്ക്ക് ബൈനോകുലർ മൈക്രോസ്കോപ്പും അനുബന്ധ സാമഗ്രികളും വാങ്ങൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 35000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 24621/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |

| | |
|---|---|
| ബിൽ നം | 9/30.03.22, തുക.24621/- |

മെച്ചപ്പെട്ട രോഗനിർണ്ണയ സംവിധാനത്തിനായി തെങ്കര മൃഗാശുപത്രിയിലേയ്ക്ക് ബൈനോകുലർ മൈക്രോസ്കോപ്പും അനുബന്ധ സാമഗ്രികളും വാങ്ങൽ എന്നതാണ് പദ്ധതി.

പദ്ധതിയുടെ ഭാഗമായി ബൈനോകുലർ മൈക്രോസ്കോപ്പ് വാങ്ങുന്നതിനായി 24621/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേയ്ക്ക് (A/C No.3624001800000037) മുൻകൂറായി നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയ്സ് നം.165/21-22/21.03.22).

ഫയലിൽ സൂക്ഷിച്ചിട്ടുള്ള ടാക്സ് ഇൻവോയ്സ് നം.SM/2022-23/036, തിയതി.17.05.2022 പ്രകാരം ബൈനോകുലർ മൈക്രോസ്കോപ്പിന്റെ (Binocular Compound Microscope KX 12000) ടാക്സ് അടക്കമുള്ള വില 23010/- രൂപയാണ്.

അധികമായി 1611/- രൂപ നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/14.03.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 1611/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-17 വൃദ്ധർക്ക് കട്ടിൽ-വാങ്ങൽ നടപടിക്രമങ്ങളിൽ അപാകം

2021-22 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി , വൃദ്ധർക്ക് കട്ടിൽ വാങ്ങി നല്കുന്നതിനുള്ള രണ്ട് പ്രോജക്ടുകൾ പ്രകാരം KADCOയിൽ നിന്നും കട്ടിലുകൾ നേരിട്ട് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

1)

| | |
|---|---|
| പ്രോജക്ട് | 170/22-വൃദ്ധർക്ക് കട്ടിൽ (സ്പിൽ ഓവർ) |
| അടങ്കൽ | 400000 രൂപ (വികസനം ഫണ്ട്-SCP) |
| ചെലവ് | 258774 രൂപ<br>1) ബിൽ നം 21210352011400163696/30-6-2021- 258774 രൂപ –<br>Invoice- NRO /SALES/872/27.3.21-258774 രൂപ- 60കട്ടിലുകൾ |

2)

| | |
|---|---|
| പ്രോജക്ട് | 32/22-വൃദ്ധർക്ക് കട്ടിൽ |
| അടങ്കൽ | 400000രൂപ (വികസനം ഫണ്ട്-SCP) |
| ചെലവ് | 164518രൂപ<br>ബിൽ നം 21210352011401497274/27-3-2022- 164518 രൂപ<br>1) NRO /SALES/861/22.3.22-164518-38കട്ടിലുകൾ |

G.O(Rt.)No.47/2019/SPD തിയതി 7-11-2019പ്രകാരം KADCO നിർമ്മിക്കുന്നതും ഈ ഉത്തരവ് പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ സാധനങ്ങൾ മാത്രമാണ് കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നത്. ഉത്തരവിലെ ഖ. 4 പ്രകാരം ഇപ്രകാരം വാങ്ങുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങുന്ന ഫർണിച്ചർ KADCOയിൽ നിർമ്മിച്ചതാണെന്നും പുറമേ നിന്നും വാങ്ങിയതല്ലെന്നുമുള്ള സാക്ഷ്യപത്രം KADCOഅധികാരികൾ ലഭ്യമാക്കണമെന്ന് നിർദേശമുണ്ട്. കട്ടിലുകൾ ഇത്തരത്തിൽ നിർമ്മിച്ചതാണെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകളുടെ കാര്യത്തിൽ സ്റ്റോർ പർച്ചേസ് നിയമപ്രകാരം ടെണ്ടർ ക്ഷണിക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, അംഗീകൃത ലിസ്റ്റിൽ ഇല്ലാത്ത തരം കട്ടിലുകളാണ് KADCOയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളത്. GeM ലൂടെ ഇവ വാങ്ങുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിരുന്നോ എന്നത് വ്യക്തമാക്കേണ്ടതാണ്

സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാത്തതിനുമുള്ള കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി നം 23/15-3-23 നല്കിയതിന് മറുപടി ലഭ്യമായില്ല.

വാങ്ങലുകളിൽ സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്. 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace (GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. തുടർന്നുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്.

## 1-18 പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ഡ്രൈവറെ നിയമിച്ചതിലെ അപാകത

53/22 (സമഗ്ര ആരോഗ്യ പദ്ധതി), 55/22 (പട്ടിക വർഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് എന്നീ പ്രോജക്ടുകളുടെ ഭാഗമായി , 2021-22 വർഷത്തിൽ കുത്തിവെയ്പ്പിനും മെഡിക്കൽ ക്യാമ്പിനുമായി ദിവസ വാടകയ്ക്ക് വാഹനം ആവശ്യപ്പെട്ടുകൊണ്ട് നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ 26.02.2021- ന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് വാഹനവാടക രേഖപ്പെടുത്തിയ ശ്രീ.ഫാസിൽ.എം.പി, മനപ്പാട്ടുപറമ്പിൽ ഹൗസ്, തെങ്കര (പി.ഒ), പാലക്കാട് എന്നയാളെ 800/- രൂപ ദിവസ വാടകയ്ക്ക് ഡ്രൈവറായി പ്രവർത്തിക്കുന്നതിന് തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ടിയാളുടെ KL-50-H-2053 മോട്ടോർ കാബ് എന്ന വാഹനമാണ് ക്വട്ടേഷൻ മുഖേന തിരഞ്ഞെടുത്തിട്ടുള്ളത്. കരാർ ചമച്ചിട്ടുള്ളതും ടിയാളുടെ പേരിലാണ്.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) വാഹന വാടക അനുവദിച്ചത് സംബന്ധിച്ച ബിൽ പരിശോധിച്ചതിൽ, അബ്ദുൾ നാസർ.ടി എന്നയാളുടെ അക്കൗണ്ടിലേയ്ക്കാണ് (A/C No.20026384759) തുക നൽകിയിട്ടുള്ളത്.

2) കരാർ ഉടമ്പടി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഡ്രൈവറായി തെരഞ്ഞെടുത്തയാളായ ശ്രീ.ഫാസിൽ.എം.പി കരാറിൽ ഒപ്പിട്ടിട്ടില്ല.

3) ക്വട്ടേഷൻ മുഖേന തിരഞ്ഞെടുത്തിട്ടുള്ളത് KL-50-H-2053 മോട്ടോർ കാബ് എന്ന വാഹനമാണ്. വാഹന വാടക അനുവദിച്ചത് സംബന്ധിച്ച ബിൽ പരിശോധിച്ചതിൽ KL-51-342-1979 എന്ന വാഹനമാണ് പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ളത്.

4) കരാറിൽ ഡ്രൈവറെ നിയമിച്ചതിന് അംഗീകാരം ലഭിച്ചതു സംബന്ധിച്ച ഭരണസമിതി തീരുമാനം നമ്പർ, തിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല

അബ്ദുൾ നാസർ.ടി എന്നയാളുടെ മകനാണ് ക്വട്ടേഷനിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഫാസിൽ.എം.പി എന്നും ക്വട്ടേഷനിലൂടെ തെരഞ്ഞെടുത്ത വാഹനവും പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ച വാഹനവും ഒരേ വീട്ടിലേതാണെന്നും പിഴവ് മൂലമാണ് ഇത്തരത്തിൽ തെറ്റു പറ്റിയത് എന്നുമാണ് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.20/15.03.2023 ) ലഭ്യമാക്കിയ മറുപടി.

**ഓഡിറ്റ് നിർദ്ദേശം**

1) ശ്രീ.ഫാസിൽ.എം.പി ഒപ്പിട്ട കരാർ ഉടമ്പടി ഹാജരാക്കേണ്ടതാണ്.
2) ഡ്രൈവറെ നിയമിച്ചത് അംഗീകരിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.
3) ക്വട്ടേഷൻ നടപടികൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19-1 PMAY വിഹിതം(ജനറൽ)-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നം -3/22- PMAY വിഹിതം അനുവദിക്കൽ

അടങ്കൽ-980000(വികസന ഫണ്ട്- ജനറൽ)

ചെലവ് -980000(വികസന ഫണ്ട്- ജനറൽ)

ബിൽ നം 21210352005400417518 /16-9-2021- 980000രൂപ

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിലേക്ക് വിഹിതം നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനായി എൻക്വയറി നം 12/14-3-23 നല്കിയതിന് മറുപടി ലഭിച്ചില്ല.
വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-19-2 PMAY വിഹിതം അനുവദിക്കൽ( SCP- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നം -4/22- PMAY വിഹിതം അനുവദിക്കൽ- SCP

അടങ്കൽ-430000(വികസന ഫണ്ട്-SCP)

ചെലവ് -430000(വികസന ഫണ്ട്- SCP)

ബിൽ നം 21210352005400423069 /18-9-2021- 430000 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിലേക്ക് വിഹിതം നല്കിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ എൻക്വയറി നം 12/14.3.23 നല്കിയതിന് മറുപടി ലഭ്യമായില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-19 PMAY പദ്ധതിയ്ക്ക് വിഹിതം നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

21-22 വർഷത്തിൽ വികസന ഫണ്ടിൽ നിന്നും രണ്ട് പ്രോജക്റ്റുകളിലായി PMAY പദ്ധതിയ്ക്ക് മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്. തുക നല്കിയതിന്റെ വിശദവിവരങ്ങൾ ഉപഖണ്ഡികകളായി ചേർത്തിട്ടുണ്ട്.

## 1-20 തെരുവ് വിളക്ക് സ്ഥാപിക്കൽ- വാങ്ങൽ നടപടിക്രമങ്ങളിൽ അപാകം

21-22 വർഷത്തിൽ പുതിയ തെരുവു വിളക്കുകൾ വാങ്ങി സ്ഥാപിച്ചത് പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ എന്ന് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.
പ്രോജക്ട് നം.11/22-**തെരുവ് വിളക്ക് സ്ഥാപിക്കൽ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 403200രൂപ (വികസന ഫണ്ട്- ജനറൽ-400000+ തനത് ഫണ്ട് - 3200)

ചെലവ് -349200രൂപ

(ബിൽ റഫറൻസ് നം. 21210352005400562898 /26-10-2021- 349200രൂപ , വികസന ഫണ്ട്- ജനറൽ)

ഇൻവോയ്സ് നം. CD/21-22/R/50/22-09-2021- 349200 രൂപ

അക്രഡിറ്റഡ് ഏജൻസിയായ SILK(Steel Industries Kerala ) മുഖേന തെരുവു വിളക്കുകൾ വാങ്ങുന്നതിനാണ് പ്രോജക്ട് പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത് .

### എ. ലാമ്പുകളുടെ നിരക്ക്

25 വാട്ടിന്റെ 97 എൽ.ഇ.ഡി ലാമ്പുകൾ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), തൃശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ടാണ്

വാങ്ങിയിട്ടുള്ളത്. 25 വാട്ടിന്റെ ലാമ്പ് ഒന്നിന് 3600 രൂപയുമാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്.

## ബി. തീരുമാനങ്ങൾ

വിവിധ തീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. ഭരണസമിതിയുടെ 28-06-2021ലെ തീരുമാനം നം. 3(5) പ്രകാരം SILK എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.
2. പ്രോക്യുർമെന്റ് കമ്മിറ്റിയുടെ തീരുമാനമില്ല.

## സി. അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ

1. 25-07-2017ലെ സ.ഉ(പി)നം.95/2017/ഫിൻ നമ്പർ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 11 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. SILK എന്ന സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ലാത്തതിനാൽ SILKന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല .

2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.46, 9.47, 9.48 എന്നിവയിൽ സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടറിലെ നിരക്ക് യുക്തിഭദ്രമാണോ (Reasonable) എന്ന് പരിശോധിക്കുവാനും യുക്തിഭദ്രമല്ലെങ്കിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുമായി മാത്രം വിലപേശൽ നടത്തി വില കുറവ് ചെയ്യുവാനും ഉദ്ദേശിച്ച നിരക്കിലേക്ക് കുറവ് ചെയ്യാത്തപക്ഷം പുനർടെണ്ടർ നടത്തേണ്ടതാണെന്ന നിബന്ധനയുമുണ്ട്.

KEL, KSIE, SILK എന്നീ ഏജൻസികളിൽ നിന്നും പ്രൊഫോമ ഇൻവോയ്സ് പ്രകാരമുള്ള നിരക്കുകൾ ലഭ്യമാക്കി, അതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനമായ SILK ൽ നിന്നും തെരുവു വിളക്കുകൾ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

ടി നിരക്കുകൾ മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുത്തി സ്ഥാപനം സമർപ്പിച്ച വിലയുടെ യുക്തിഭദ്രത ഉറപ്പാക്കിയിട്ടുമില്ല.

## ഡി) ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും എൽ.ഇ.ഡി ലാമ്പുകൾ നേരിട്ട്

വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയത്. പ്രോജക്റ്റിനനുസരിച്ചാണ് തുടർന്നുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളത്.

**ഇ) സപ്ലൈ ചെയ്തതിന്റെ വിവരം**

പ്രസ്തുത സ്ഥാപനത്തിൽ നിന്നും 25 വാട്ട് ലാമ്പുകൾ വാങ്ങിയിട്ടുള്ളത് 3600 രൂപ നിരക്കിലാണ്. തൻവർഷത്തിൽ മേൽ സൂചിപ്പിച്ച ബില്ലിൽ നിന്ന് ആകെ 97 LED ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്. ടെണ്ടർ കൂടാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനു മുമ്പായി SILK മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ചെയ്യാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ലാമ്പുകൾ സ്ഥാപിച്ചതിന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

**എഫ്) എഗ്രിമെന്റ്**

ലാമ്പുകൾക്ക് മൂന്നു വർഷത്തെ റീപ്ലേസ്മെന്റ് വാറണ്ടി വാഗ്ദാനം ചെയ്യുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. (എഗ്രിമെന്റ് നം. 2/2021-22/7-7-2021)
സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 19-2-2021 ലെ G. 0. (Rt.) No. 6/2021 ,SPD. നമ്പർ ഉത്തരവ് പ്രകാരം സ്റ്റീൽ ഫർണീച്ചർ സപ്ളൈ ചെയ്യുന്നതിനുള്ള അനുമതിയുടെ കാലാവധി SILK ന് നീട്ടി നല്കിയിട്ടുണ്ട്. ഉത്തരവിൽ സൂചിപ്പിച്ചിട്ടാല്ലാത്ത വസ്തുക്കൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് നിയമപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ് എന്ന ഇതേ ഉത്തരവിന്റെ ഖ-5ൽ വ്യക്തമാക്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ സിൽക്കിന് സപ്ളൈ ചെയ്യാൻ അനുമതിയില്ലാത്ത വസ്തുക്കളാണ് ടി സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളത് .

25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace (GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങാവുന്നതാണ്. ഇത്തരത്തിൽ വാങ്ങുതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് ഫയലിൽ നിന്നും വ്യക്തമാവുന്നത്.
വാങ്ങൽ നടപടിക്രമങ്ങളിലെ ന്യൂനതകളെക്കുറിച്ച് എൻക്വയറി നം 15/14-3-23 നല്കിയതിന് മറുപടി ലഭ്യമായില്ല.

അക്രഡിറ്റഡ് ഏജൻസികളുടെ അക്രഡിറ്റേഷൻ ഉത്തരവിനു വിരുദ്ധമായുള്ള വാങ്ങലുകൾ ക്രമപ്രകാരമല്ല. ഇത്തരം അക്രഡിറ്റഡ് ഏജൻസികൾക്ക് അനുവദിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള വസ്തുക്കൾ സർക്കാർ നിശ്ചയിച്ച നിരക്കിൽ കൂടാതെ സപ്ളൈ ചെയ്യുന്നതിനുമാത്രമാണ് അനുമതിയുളളത്. വാങ്ങലുകളിൽ സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

## 1-21 കെ.എസ്.ഇ.ബിയ്ക്ക് തുക നല്കിയത്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തിൽ പോസ്റ്റ് ഷിഫ്റ്റിങ്ങിനായി കെ.എസ്.ഇ.ബിയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് | ഏജൻസി |
|---|---|---|---|
| 134/22- കൈതച്ചിറ 11 KV ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ | 70000 തനത് ഫണ്ട് | 46542 തനത് ഫണ്ട് Vr.No- 22100663/31.3.22 | KSEB മണ്ണാർക്കാട് സെക്ഷൻ |

മേൽ പ്രോജക്ടിനായി തുക കൈമാറുന്നതിനു മുൻപ് നിർവഹണ ഏജൻസിയുമായി കരാറിലേർട്ടിട്ടില്ല. പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.11/18/തസ്വഭവ തീയതി 29.01.18 ഖണ്ഡിക 11-2 (ഡി)-ൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

കരാറിലേർപ്പെടാതെ തുക കൈമാറിയതിനുള്ള കാരണം അറിയിക്കുവാനും, നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനും ഓഡിറ്റ് എൻക്വയറി നം-11/14.3.23 നല്കിയതിന് മറുപടി ലഭ്യമായില്ല.

നല്കിയ തുകയുപയോഗിച്ചുള്ള പ്രവൃത്തിയുടെ പൂർത്തീകരണവിവരങ്ങൾ, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-22 പി എച്ച് സി കെട്ടിടത്തിന് വിഹിതം നല്കൽ-പദ്ധതി പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | 235/22- പി എച്ച് സി കെട്ടിടത്തിന് വിഹിതം നല്കൽ |
| അടങ്കൽ | 3000000 രൂപ (സി എഫ് സി-ബേസിക് ഗ്രാന്റ്) |
| ചെലവ് | 3000000 രൂപ (സി എഫ് സി-ബേസിക് ഗ്രാന്റ്)<br>XFC/21-22/P/5, 23.3.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പി എച്ച് സി കെട്ടിടം പണിയുന്നതിന് ഗ്രാമപഞ്ചായത്തിന്റെ വിഹിതം 3000000 രൂപ സ്റ്റേറ്റ് ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റിയ്ക്ക് നല്കിയിട്ടുണ്ട്. NHM മുഖേന ടി പ്രോജക്ട് നടപ്പാക്കുന്നതിന് ധനവകുപ്പിന്റെ 7-3-2022 ലെ ജി.ഓ.(ആർ.ടി)നം.534/2022/ എൽ.എസ്.ജി.ഡി നമ്പർ അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിലാണ് മേൽസൂചിപ്പിച്ച പ്രകാരം തുക അനുവദിച്ചിട്ടുള്ളത് . തുക കൈമാറുന്നതിനു മുമ്പ് ടി ഏജൻസിയുമായി എഗ്രിമെന്റിലേർപ്പെട്ടതായി രേഖകളില്ല.

പ്രോജക്റ്റിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനും 19/14-3-23 നമ്പർ എൻക്വയറി നല്കിയതിന് മറുപടി ലഭ്യമായില്ല.

പി എച്ച് സി കെട്ടിടത്തിന്റെ നിർമാണപുരോഗതി കൃത്യമായ മോണിറ്ററിങ്ങിനു വിധേയമാക്കേണ്ടതും, പൂർത്തീകരണ വിവരങ്ങളും അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-23 അമൃതം ന്യൂട്രിമിക്സിനുള്ള ചെലവ്-ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല.

21-22 ൽ അങ്കണവാടി പോഷകാഹാരം നല്കുന്നതിന് മൂന്ന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 50/22 | അങ്കണവാടി പോഷകാ ഹാരം ജനറൽ | 1600000 (1100000 – വികസന ഫണ്ട്, 500000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 1560666 (1098959– വികസന ഫണ്ട് , 461707- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 2 | 54/22 | അങ്കണവാടി പൂരക പോഷകാ | 1200000 ( വികസന ഫണ്ട്-എസ്.സി.പി -800000+ | 1008620 ( വികസന ഫണ്ട്-എസ്.സി.പി |

| | | | | |
|---|---|---|---|---|
| | | ഹാരം- എസ് സി പി | കേന്ദ്രാവിഷ്കൃത ഫണ്ട് -400000 ) | -800000+ കേന്ദ്രാവിഷ്കൃത ഫണ്ട് -208620 ) |
| 3 | 112/22 | അങ്കണവാടി പോഷകാ ഹാരം -ടി എസ് പി | 400000 ( വികസന ഫണ്ട്- ടി.എസ്.പി-100000+ കേന്ദ്ര ഫണ്ട്-300000) | 240510 ( വികസന ഫണ്ട്- ടി.എസ്.പി -100000 +കേന്ദ്ര ഫണ്ട്-140510) |

പ്രോജക്ടുകളുടെ ഭാഗമായി നക്ഷത്ര കുടുബശ്രീ യൂണിറ്റ് ,വിയ്യക്കുറിശ്ശി എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിനുള്ള വില വിവിധ ബില്ലുകളിലായി താഴെ പറയും പ്രകാരം തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് നം | ബിൽ നം. / തീയതി, തുക | അമൃതം ന്യൂട്രിമിക്സിനുള്ള വില(നക്ഷത്ര കുടുമ്പശ്രീ യൂണിറ്റ് ,വിയ്യക്കുറിശ്ശി) |
|---|---|---|
| 50/22 | 1/30.6.21- 890987 രൂപ | 1)381/15.2.21- 115100<br>2)392/15.2.21- 117332 |
| | 3/24.8.21- 204800 രൂപ | -- |
| | 5/ 13.10.21- 3172 രൂപ | -- |
| | ചെക്ക് 144766/26-3-22- 349130 രൂപ<br>1)238911 രൂപ | 439/12-8-21-116587 രൂപ |
| 54/22 | 2/24-8-22-800000- വികസന ഫണ്ട്-SCP | 1)403/15-4-21- 117580 രൂപ<br>2)412/25-2-21- 117580രൂപ<br>3)424/23-6-21- 115596 രൂപ<br>4)430/23-7-21- 115596 രൂപ<br>5)459/13-10-21-117084 രൂപ |

തൻവർഷം 50/22, 54/22 പ്രോജക്ടുകളിൽ അമൃതം ന്യൂട്രിമിക്സിനായി മേൽസൂചിപ്പിച്ച പ്രകാരം തുക നല്കിയിട്ടുണ്ട്. 5 % ജി.എസ്.ടി (CGST-2.5%, SGST-2.5%) കൂടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം

നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നതിന്റെ കാരണം ആരാഞ്ഞ് എൻകയറി 24/15-3-23 നല്കിയതിന് പരിചയക്കുറവ് മൂലമാണ് ജി എസ് ടി ഈടാക്കാതിരുന്നത് എന്ന് സൂപ്പർവൈസർ അറിയിച്ചു. തുടർ വർഷങ്ങളിലെ വാങ്ങലുകളിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഈടാക്കേണ്ടത് കൃത്യമായി ഈടാക്കി അടവാക്കേണ്ടതാണ്.

## <u>1-24 വൃദ്ധർക്ക് കട്ടിൽ(ജനറൽ) - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.</u>

നിർവഹണ ഉദ്യോഗസ്ഥ- ഐ സി ഡി എസ് സൂപ്പർവൈസർ
പ്രൊജക്റ്റ് നം- 87 /22- വൃദ്ധർക്ക് കട്ടിൽ

അടങ്കൽ- 700350 (വികസന ഫണ്ട്(ജനറൽ)- 700000+തനത് ഫണ്ട്-350)

ചെലവ് - ബിൽ നം 12/28.2.22- 627705 രൂപ

SIDCO-1) Invoice No: KKD /21-22/191/10.2.2022- ₹.346320-80 Cots

2)Invoice No: KKD /21-22/199/18.2.2022- ₹.281385-65 Cots

2021-22 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ വൃദ്ധർക്ക് കട്ടിൽ ടെണ്ടർ കൂടാതെ SIDCO യിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 4-10-21ലെ 1-ാം നമ്പർ തീരുമാന പ്രകാരം കോഴിക്കോട് സിഡ്കോയിൽ നിന്നും കട്ടിലുകൾ വാങ്ങാൻ തീരുമാനിച്ചു.ഇത് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സ്റ്റീൽ , മരം ഫർണീച്ചർ, ആശുപത്രി ഫർണീച്ചർ എന്നിവ (അംഗീകൃത റേറ്റ് കോൺട്രാക്റ്റ് പ്രകാരമുള്ളവ) ടെണ്ടർ കൂടാതെ സപ്ലൈ ചെയ്യുന്നതിനും ഫർണിഷിങ്ങ് പ്രവൃത്തികൾക്കുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിനും SIDCO യ്ക്ക് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിൻെറ അംഗീകാരമുണ്ട്. ടെണ്ടർ പോലുള്ള നടപടികൾ ഇല്ലാതെ ഫർണിഷിങ്ങ് പ്രവൃത്തികൾക്കുള്ള നോഡൽ ഏജൻസിയായ സിഡ്കോയിൽ നിന്നും അവരുടെ അംഗീകൃത റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിൽ ഉൾപ്പെടാത്ത സ്പെസിഫിക്കേഷനുള്ള കട്ടിൽ നേരിട്ട് വാങ്ങിയത് ശരിയായ രീതിയല്ല.

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ഓർഡർ നം ജി ഒ(ആർ ടി)നം 49/2019/SPD, 14-11-21, സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9.23ൽ ഉൽപാദനം ആരംഭിച്ച് അഞ്ചു വർഷം കഴിഞ്ഞ സർക്കാർ വകുപ്പുകളുടെ യൂണിറ്റുകൾ, സംസ്ഥാന പൊതുമേഖലാ വ്യവസായങ്ങൾ എന്നിവയുടെ ഉൽപ്പനങ്ങൾ വാങ്ങുവാൻ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ടെണ്ടർ ക്ഷണിക്കണമെന്ന് വ്യവസ്ഥയിൽ ഇളവ് 13.11.21 വരെ നല്കിയിട്ടുണ്ട്. ഈ ഇളവുകളെല്ലാം സ്ഥാപനം സ്വയം നിർമിക്കുന്ന വസ്തുക്കൾ വിൽക്കുന്നതിനും പി.എം.സി ആയി പ്രവൃത്തിക്കുന്നതിനുമുള്ള അനുമതിയാണ്

പ്രൊജക്ടിനായി വാങ്ങിയ കട്ടിലുകൾ ഇത്തരത്തിൽ SIDCO നിർമിച്ചതാണെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകളുടെ കാര്യത്തിൽ സ്റ്റോർ പർച്ചേസ് നിയമപ്രകാരം ടെണ്ടർ ക്ഷണിക്കേണ്ടതാണ് എന്ന വ്യക്തമാക്കിയിട്ടുണ്ട്. GeM പോർട്ടലിൽ മേൽ ഫർണീച്ചറുകൾ ഉണ്ടായിരുന്നോ എന്ന് പരിശോധിച്ചതായി ഫയലിൽ രേഖകളില്ല. ഇക്കാര്യങ്ങളെക്കുറിച്ച് എൻകയറി 22/15-3-22 നൽകിയതിന് കട്ടിലുകൾ തങ്ങളുടെ എം എസ് എം ഇ കളിൽ നിർമിച്ചതാണ് എന്ന സിഡ്കോയുടെ കത്ത് ലഭ്യമാക്കിയിട്ടുണ്ട്.

വാങ്ങലുകളിൽ സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള

പ്രൊക്യുർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace (GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. തുടർന്നുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്.

## 1-25 മാലിന്യസംസ്കരണം-എം സി എഫ് സ്ഥാപിച്ചിട്ടില്ല

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ

ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ എം സി എഫ് സ്ഥാപിച്ചിട്ടില്ല എന്നും താൽക്കാലിക സംവിധാനം മാത്രമാണ് നിലവിലുള്ളത് എന്നാണ് രേഖകളിൽ നിന്നും വ്യക്തമാവുന്നത്. മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് നാല് പ്രോജക്ട് ആവിഷ്ക്കരിച്ചിരുന്നെങ്കിലും നടപ്പാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | അടങ്കൽ |
|---|---|---|
| 1 | 223/22- എം.സി.എഫ് സ്ഥാപിക്കുന്നത് | 2634719(CFC) |
| 2 | 239/22-ഹരിതകർമ്മസേന തുടർപ്രവർത്തനങ്ങൾ | 183000(CFC) |
| 3 | 135/22-ബെയിലിങ്ങ് മെഷീൻ വാങ്ങൽ | 575000(CFC) |
| 4 | 136/22-ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ | 350000(CFC+State Share) |

ടി പ്രോജക്കുകൾ നടപ്പാക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാനും നിലവിൽ ശേഖരിച്ച മാലിന്യം സംസ്ക്കരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കുവാനും എൻക്വയറി (20/15-3-23) നല്കിയതിന് മറുപടി ലഭിച്ചില്ല. എം സി എഫ് സ്ഥാപിക്കുന്നതിനും മാലിന്യ സംസ്ക്കരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26-1 ലൈഫ് ഭവനം പൂർത്തീകരിക്കാത്തവർ- ജനറൽ

A)പ്രോജക്റ്റ് നം - 64/22-ലൈഫ് ഭവനം- ജനറൽ

| നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | നല്കാനുള്ള തുക |
|---|---|---|---|
| 1. | ബീവാത്തു, കല്ലുവെട്ടുപാലത്തിങ്ങൽ കൈതച്ചിറ | 360000 | 40000 |
| 2 | സതീഷ് ഇല്ലിക്കൻ, മുതുവള്ളി കോളനി | 40000 | 360000 |
| 3 | രജിത സതീഷ്കുമാർ, ചോലക്കൽ,മുതുവള്ളി | 360000 | 40000 |

| | | | |
|---|---|---|---|
| 4 | ബിന്ദു രാമകൃഷ്ണൻ, മാസപറമ്പ് | 40000 | 360000 |
| 5 | സൈനബ സിദ്ധിക്ക്,തൊട്ടിപറമ്പിൽ | 300000 | 100000 |
| 6 | ജമീല W/Oഹംസ , പൊതിയിൽ,മേലാമുറി | 360000 | 40000 |
| 7 | ഉമ്മൈമത്ത്,W/O ഷമീർ,പുതുകളം,വെള്ളാരംകുന്ന് | 40000 | 360000 |

ടി വ്യക്തികളുടെ വീട് നിർമാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-26-2 ലൈഫ് ഭവനം പൂർത്തിയാക്കാത്തവർ -എസ്.റ്റി

പ്രോജക്റ്റ് നം-66/22-ലൈഫ് ഭവനം -എസ്.ടി.

എസ്. ടി. വിഭാഗത്തിലുൾപ്പെട്ട ഭവന നിർമാണത്തിനായി 19 ഗുണഭോക്താക്കൾക്ക് അഡ്വാൻസ് ഗഡുവും, ഒരു ഗുണഭോക്താവിന് രണ്ട് ഗഡുക്കളും നല്കിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | നല്കാനുള്ള തുക |
|---|---|---|---|
| 1. | ചന്ദ്രൻ, S/Oചാമി, ആനമൂളി കോളനി | 40000 | 560000 |
| 2 | ശിവരാമൻ S/O കുറുമ്പൻ,ആനമൂളി കോളനി | 40000 | 560000 |
| 3 | ശാന്ത, W/Oകുറുമ്പൻ, ആനമൂളി കോളനി | 40000 | 560000 |
| 4 | തങ്ക W/O മാധവൻ, ആനമൂളി കോളനി (ID No 955985) | 40000 | 560000 |
| 5 | തങ്ക W/O മാധവൻ, ആനമൂളി കോളനി (ID No 955315) | 40000 | 560000 |
| 6 | വെള്ളച്ചി W/O കുറുമ്പൻ , ആനമൂളി കോളനി | 40000 | 560000 |
| 7 | ലീല W/O കൃഷ്ണൻ, ആനമൂളി കോളനി | 40000 | 560000 |
| 8 | നീലി W/O മാധവൻ,ആനമൂളി കോളനി | 189000 | 411000 |
| 9 | ചന്ദ്രൻ,S/Oകൊണ്ടേക്കൻ, കരിമ്പൻകുന്ന് കോളനി | 40000 | 560000 |
| 10 | രാജൻ, S/Oകൊണ്ടേക്കൻ, കരിമ്പൻകുന്ന് കോളനി | 40000 | 560000 |
| 11 | മൂക്കൻ, S/Oരാമൻ, കരിമ്പൻകുന്ന് കോളനി | 40000 | 560000 |
| 12 | സരോജിനി W/O സുകു, കരിമ്പൻകുന്ന് കോളനി | 40000 | 560000 |
| 13 | മാധവി W/O കുറുമ്പൻ ,കരിമ്പൻകുന്ന് കോളനി | 40000 | 560000 |
| 14 | കറുപ്പൻ, കരിമ്പൻകുന്ന് കോളനി | 40000 | 560000 |
| 15 | ചാത്തി W/O മൂക്കൻ, കരിമ്പൻകുന്ന് കോളനി | 40000 | 560000 |
| 16 | മാതി W/O അയ്യപ്പൻ, കരിമ്പൻകുന്ന് കോളനി | 40000 | 560000 |
| 17 | സരസു W/O രാജൻ, കരിമ്പൻകുന്ന് കോളനി | 40000 | 560000 |

| | | | |
|---|---|---|---|
| 18 | ചാന്നി D/Oചെട്ടയൻ, കരിമ്പൻകുന്ന് കോളനി | 40000 | 560000 |
| 19 | നീലി , W/Oകണ്ടേക്കൻ, കരിമ്പൻകുന്ന് കോളനി | 40000 | 560000 |
| 20 | രാധ W/O നാഗൻ, കരിമ്പൻകുന്ന് കോളനി | 40000 | 560000 |

ടി വ്യക്തികളുടെ വീട് നിർമാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-26 ലൈഫ് ഭവന നിർമാണം പൂർത്തിയാക്കേണ്ടതാണ്

വി ഇ ഒ നടപ്പാക്കിയ വിവിധ ഭവന നിർമാണ പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയുണ്ടായി. 2021-22 വർഷത്തിൽ ജനറൽ, എസ് .സി, ടി.എസ്.പി വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ നിന്നും ഭവന നിർമ്മാണ പദ്ധതികളുടെ ഗുണഭോക്താക്കളിൽ ചിലർ ധനസഹായം കൈപ്പറ്റി ഇതുവരെയായി ഭവനം പൂർത്തിയാക്കിയിട്ടില്ല എന്നു വ്യക്തമായി. നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

## 1-27 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളിൽ നിന്ന് ഈടാക്കിയ നികുതികൾ അടവാക്കിയില്ല

കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ 13 പ്രവർത്തികളിൽ നിന്നും ഈടാക്കിയ ജി.എസ്.ടി, നിർമ്മാണ തൊഴിലാളി ക്ഷേമനിധിവിഹിതം, ഇൻകം ടാക്സ് എന്നിവ അതത് വകുപ്പിലേക്ക് അടവാക്കാതെ സസ്പെൻസ് അക്കൗണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. പ്രസ്തുത നികുതികൾ നാളിതുവരെയും അടവാക്കിയിട്ടില്ല. വാർഷികകണക്കിൽ പ്രസ്തുത തുക ലയബിലിറ്റിയായി രേഖപ്പെടുത്തിയിട്ടില്ല.

കരാറുകാരിൽനിന്നും ഈടാക്കിയ തുകകളുടെ വിവരം

| നികുതിയിനം | ഈടാക്കിയ തുക | പ്രവർത്തികളുടെ എണ്ണം |
|---|---|---|
| നിർമ്മാണതൊഴിലാളി വിഹിതം | 12911 | 13 |
| ആദായ നികുതി | 13041 | 13 |
| ജി എസ് ടി | 5006 | 1 |
| | 30958 | |

ആദായനികുതി , ജി എസ് ടി എന്നിവ യഥാസമയം അടവാക്കാതിരുന്നാൽ പിഴ ഒടുക്കുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ തുക അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/14.3.23) ന് നിലവിലെ നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ അക്കാലത്തെ എഞ്ചിനീയർ അടാവാക്കാത്ത നികുതി തുകകൾ സെക്രട്ടറിയുടെ അക്കൗണ്ടിൽ ഉണ്ടെന്നുള്ള വിവരം ഗ്രാമപഞ്ചായത്തിൽ അറിയിക്കുകയും ബിൽ സെക്രട്ടറിക്ക് നൽകിയിരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ തുക അടവാക്കിയിരുന്നില്ല. നിലവിൽ പ്രസ്തുത തുകകളുടെ ചലാനുകൾ പുതിയതായി ക്രിയേറ്റ് ചെയ്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ടെന്നും തുക അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുക അടവാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-28 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല**

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽവില ഈടാക്കിയിട്ടില്ല.

ഇൻവോയ്സുകൾ പ്രകാരം ഒരു ബാരലിലെ ബിറ്റുമിന്റെ അളവ് അനുസരിച്ചാണ് ബാരലിന്റെ എണ്ണം കണക്കാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം - ഒരു ബാരലിലെ അളവ്

VG30 - 156 Kg

SS1 - 185 Kg

RS1 - 200 Kg

| ക്രമ നം. | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം X വില (GST ഒഴികെ) |
|---|---|---|---|---|
| 1 | So 200/22 –ആണ്ടിപ്പാടം റോഡ് റീടാറിംഗ് അടങ്കൽ - 200000 (മെയിന്റനൻസ് റോഡ് ) കരാറുകാരൻ - സജി തോമസ് എഗ്രിമെന്റ് നം.:63/AE/THR-11.9.2020 അളവു പുസ്തകം - 9/22 | ബിൽ നം. 42/31-03-2022 ചെലവ്: - 168060 | RS1 – 146.01 VG 30 – 1267.31 | 9X 238 = 2142/- |
| 2 | So201/22 –മണലടി ചെല്ലംകുന്ന് റോഡ് റീടാറിംഗ് അടങ്കൽ - 200000 (മെയിന്റനൻസ് റോഡ് ) കരാറുകാരൻ - സജി തോമസ് 63/AE/THR-11.9.2020 അളവു പുസ്തകം - 8/22 | ബിൽ നം. 44/31-03-2022 ചെലവ്: - 200000/- കരാറുകാരന് നൽകിയത്-196428/- | RS1 – 170.55 Kg VG30 – 1471.76kg | 11x 238 = 2618/- |
| | | | | ആകെ ബാരൽ വില –4760 + 857 GST(18%) |

ബാരലിന്റെ വിലയായ ₹4760/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

CGST, SGST ഇനങ്ങളിലെ തുക ₹857/- ഭരണതലനടപടിയിലൂടെ ഈടാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതുമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/13.03.23) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.
(ബാരൽ വിലയുടെ നഷ്ടം സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം -3 ൽ ഈ ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്)

## 1-29 മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്.
പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. പ്രവൃത്തി ദീർഘിപ്പിച്ചതിന്നാധാരമായ ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല.

സ.ഉ.(സാധാ) നം.1444/2021/ത.സ്വ.ഭ.വ തിയതി, 31-7-2021 പ്രകാരം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവൃത്തികളുടെ കാലാവധി പിഴയില്ലാതെ 6 മാസം നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ മേൽ കാലാവധിക്കുള്ളിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെചേർക്കുന്നു.

| 1)പ്രൊ.നം.206/21, 212/22,<br>മൂച്ചിക്കുന്ന് കുടിവെള്ള പദ്ധതി പുനരുദ്ധാരണം | | | |
|---|---|---|---|
| അടങ്കൽ - | 200000 (CFC) | | |
| PAC- | 178054/- | | |
| കരാറുകാരൻ - | ശ്രീ.സതീഷ്.പി | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2020-21/109140/2.9.20 | | |
| എഗ്രിമെന്റ് നം.: | 86/AE/LSGD/THR/20-21,16.9.20 | | |
| പാർട്ട് ബിൽ | - | | |
| ബിൽ / വൗച്ചർ നം.നം. | 171579/-(ബിൽ നം. 31/26.3.22) | | |
| എം.ബുക്ക് നം. | 37/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 15.3.21 | | |
| പൂർത്തീകരിച്ച തീയ്യതി | 16-3-22 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 5342 | - | 5342 |

| 2)പ്രൊ.നം.210/21, 210/22,<br>സെന്റർ നം.81, സെന്റർ നം.85 എന്നീ<br>അങ്കണവാടികൾക്ക് ചുറ്റുമതിൽ ,കിണർ, മുറ്റം ഇന്റർ ലോക്കിംഗ് |
|---|

| | |
|---|---|
| അടങ്കൽ - | 350000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| PAC- | 311860/- |
| കരാറുകാരൻ - | ശ്രീ.സൈനുദ്ദീൻ.വി.എച്ച് |
| സാങ്കേതികാനുമതി | T.S-61930/2020-21 പൂർത്തീകരണ കാലാവധി -6 മാസം |
| എഗ്രിമെന്റ് നം.: | 85/AE/LSGD/THR/20-21,16.9.20 |
| പാർട്ട് ബിൽ | - |
| ബിൽ / വൗച്ചർ നം.നം. | 350000/-(ബിൽ നം. 33/31.3.22) |
| എം.ബുക്ക് നം. | 71/2021-22 |
| പൂർത്തീകരിക്കേണ്ട തീയ്യതി | 15.3.21(സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി 16.9.20) |
| പൂർത്തീകരിച്ച തീയ്യതി | 26-3-22 |

| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
|---|---|---|---|
| | 9356 | - | 9356 |

3)പ്രൊ.നം.209/21, 209/22,
പി.എച്ച്.സി ക്ക് കുഴൽകിണർ നിർമ്മാണം

| | |
|---|---|
| അടങ്കൽ - | 200000 (CFC) |
| PAC- | 178549/- |
| കരാറുകാരൻ - | ശ്രീ.പി.ഉണ്ണികൃഷ്ണൻ |
| സാങ്കേതികാനുമതി | LSGD/TS/50589/20-21 പൂർത്തീകരണ കാലാവധി -6 മാസം |
| എഗ്രിമെന്റ് നം.: | 108/AE/THR-25.9.20 |
| പാർട്ട് ബിൽ | - |
| ബിൽ / വൗച്ചർ നം.നം. | 138811/-(ബിൽ നം. 47/31.3.22) |
| എം.ബുക്ക് നം. | 65/2021-22 |
| പൂർത്തീകരിക്കേണ്ട തീയ്യതി | 24.3.21 |
| പൂർത്തീകരിച്ച തീയ്യതി | 22-3-22 |

| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
|---|---|---|---|
| | 5356 | - | 5356 |

4)പ്രൊ.നം.224/21, 224/22(സ്പിൽ ഓവർ)
കുളത്തുംപള്ള ഉറവിൽ കോളനി ലിങ്ക് റോഡ്സൈഡ് കെട്ട് &ഫില്ലിംഗ്

| | |
|---|---|
| അടങ്കൽ - | 300000 (തനത് ഫണ്ട്) |
| PAC- | 267525/- |
| കരാറുകാരൻ - | ശ്രീ.ഷാജഹാൻ.എൻ.എ |
| സാങ്കേതികാനുമതി | LSGD/TS/2020-21/109141/3.9.20 പൂർത്തീകരണ കാലാവധി -6 മാസം |
| എഗ്രിമെന്റ് നം.: | 69/AE/THR-11.9.20 |
| പാർട്ട് ബിൽ | - |
| ബിൽ / വൗച്ചർ നം.നം. | 270125/-(വൗച്ചർ നം.22100785/31.3.22 ) |
| എം.ബുക്ക് നം. | 59/2021-22 |
| പൂർത്തീകരിക്കേണ്ട തീയ്യതി | 10.3.21(സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി 11.9.20) |
| പൂർത്തീകരിച്ച തീയ്യതി | 14-3-22 |

| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
|---|---|---|---|
| | 8026 | - | 8026 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/13.03.23) മറുപടി ലഭ്യമാക്കിയില്ല. പിഴയിനത്തിലുള്ള തുക ₹.28080/- (5342+9356+5356+8026)

കരാറുകാരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-30 ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**

ഇ-ടെണ്ടർ നടത്തിയിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോം വിലയിനത്തിൽ 3.3.2023വരെ ലഭ്യമായ ₹.137691/- അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, Mannarkkad A/C. No. 37459997190) സൂക്ഷിച്ചിരിക്കുന്നു. തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 6/13.3.2023) മാർച്ച് 2023 ൽ ഒരു ടെണ്ടർ കൂടി നടക്കാനുണ്ടെന്നും ആയത് പൂർത്തീകരിച്ചതിനുശേഷം മുഴുവൻ തുകയും തനത് ഫണ്ടിലേക്ക് മാറ്റുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല**

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽവില ഈടാക്കിയിട്ടില്ല.
ഇൻവോയ്സുകൾ പ്രകാരം ഒരു ബാരലിലെ ബിറ്റുമിന്റെ അളവ് അനുസരിച്ചാണ് ബാരലിന്റെ എണ്ണം കണക്കാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം - ഒരു ബാരലിലെ അളവ്

VG30 - 156 Kg

SS1 - 185 Kg

RS1 - 200 Kg

| ക്രമ നം. | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം X വില (GST ഒഴികെ) |
|---|---|---|---|---|
| 1 | So 200/22 –ആണ്ടിപ്പാടം റോഡ് റീടാറിംഗ് | ബിൽ നം. 42/31-03-2022<br>ചെലവ്: - 168060 | RS1 – 146.01<br>VG 30 – 1267.31 | 9X 238 = 2142/- |

| | | | | |
|---|---|---|---|---|
| | അടങ്കൽ - 200000 (മെയിൻറനൻസ് റോഡ് ) കരാറുകാരൻ - സജി തോമസ് എഗ്രിമെന്റ് നം.:63/AE/THR-11.9.2020 അളവു പുസ്തകം - 9/22 | | | |
| 2 | So201/22 –മണലടി ചെല്ലംകുന്ന് റോഡ് റീടാറിംഗ് അടങ്കൽ - 200000 (മെയിൻറനൻസ് റോഡ് ) കരാറുകാരൻ - സജി തോമസ് 63/AE/THR-11.9.2020 അളവു പുസ്തകം - 8/22 | ബിൽ നം. 44/31-03-2022 ചെലവ്: - 200000/- കരാറുകാരന് നൽകിയത്-196428/- | RS1 – 170.55 Kg VG30 – 1471.76kg | 11x 238 = 2618/- |
| | | | | ആകെ ബാരൽ വില –4760 + 857 GST(18%) |

ബാരലിന്റെ വിലയായ ₹4760/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/13.03.23) മറുപടി ലഭ്യമാക്കിയില്ല. നഷ്ടതുക ₹4760/- നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 6-3-23 മുതൽ 15-3-23വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വാർഷികകണക്കിൽ മുൻവർഷങ്ങളിൽ ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക 2250184/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 6319316/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക ഏത് പദ്ധതികൾക്കായി ലഭ്യമായതാണെന്നുള്ളതിന്റെ വിശദവിവരം അപ്രോപ്രിയേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2021-22 വർഷത്തിൽ ലഭ്യമായതും ചെലവഴിച്ചതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | വർഷം | | | | |
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 21-22 | 314233 | 25/22സമൃദ്ധി നെൽകൃഷിക്ക് കൂലിചെലവ് | 314233 | 0 |
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 304088 | 51/22 പാലിയേറ്റീവ് പരിചരണം | 304088 | 0 |
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 21-22 | 730000 | 65/22ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം എസ് സി പി | 730000 | 0 |
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 21-22 | 1660000 | 64/22ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം ജനറൽ | 1660000 | 0 |
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 21-22 | 217550 | 69/22 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 217550 | 0 |
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 21-22 | 38575 | 82/22 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 38575 | 0 |
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 21-22 | 200000 | 45/22പാലിന് സബ്സിഡി (മിൽക്ക് ഇൻസെന്റീവ്) | 200000 | |
| ആകെ 3464446 | | | | 3464446 | |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 21-22 | 263277 | 25/22സമൃദ്ധി നെൽകൃഷിക്ക് കൂലിചെലവ് | 263277 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 21-22 | 2220000 | 64/22ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം ജനറൽ | 2220000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 21-22 | 357500 | 69/22 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 357500 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 21-22 | 100000 | 45/22പാലിന് സബ്സിഡി (മിൽക്ക് ഇൻസെന്റീവ്) | 100000 | |
| ആകെ | | 2940777 | | 2940777 | |

ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് | ഏജൻസി | ബാക്കി |
|---|---|---|---|---|
| 134/22- കൈതച്ചിറ 11 KV ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ | 70000 തനത് ഫണ്ട് | 46542 തനത് ഫണ്ട് Vr.No-22100663/31.3.22 | KSEB മണ്ണാർക്കാട് സെക്ഷൻ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ2120000/- രൂപ ലഭ്യമായത് ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായി രുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC Loan- ലൈഫ് പദ്ധതി | - | 7040000+ 2120000 (തൻവർഷം) | 69199238 | 6981334 | - | 64337904 |

KURDFC Loan ഇനത്തിൽ AFSപ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 64337904/-രൂപയാണ്. ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി വായ്പരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 92237/-രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| ലഭ്യമല്ല | 3-1 | 17237 | 1210100774/30.7.21 | എ.ഇ |
| 2015-16 | 3-2 | 75000 | J Voucher 42100640/31.3.22 | എം.റിമോള, അസി. സെക്രട്ടറി |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ ഒന്നും അവശേഷിക്കുന്നില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2015-16 | 3-2 | 75000 | J Voucher 42100640/31.3.22 | എം.റിമോള, അസി. സെക്രട്ടറി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹95997748/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹73663047/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹4760/- |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | --- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 4760 | ശ്രീമതി.നമിത.ടി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 4760 | |

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 28080 | ശ്രീമതി.നമിത.ടി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ ( എംപ്ലോയ്മെന്റ് വഴി താൽകാലിക നിയമനം) |
| ആകെ | 28080 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 857 | ശ്രീമതി.നമിത.ടി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ ( എംപ്ലോയ്മെന്റ് വഴി താൽകാലിക നിയമനം) |
| ആകെ | 857 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.നമിത.ടി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | (എംപ്ലോയ്മെന്റ് വഴി താൽകാലിക നിയമനം) | തെക്കുപുറത്ത് ഹൗസ്, ചാലിശ്ശേരി , പാലക്കാട്-679536 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ ബാക്കിയുള്ള |
|---|---|---|

| | ഓട്ടുവിലത്തെ കത്തിടപാടിന്റെ വിവരം | പരാമർശങ്ങളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ -പി.കെ.ഡി. 25/1220/2022 തിയതി. 28.11.2021 | 0 |
| 2006-07 | കെ.എസ്.എ -പി.കെ.ഡി. 25/1220/2022 തിയതി. 28.11.2021 | 0 |
| 2007-08 | കെ.എസ്.എ -പി.കെ.ഡി. 25/1220/2022 തിയതി. 28.11.2021 | 1 |
| 2008-09 2009-10 2010-11 | കെ.എസ്.എ -പി.കെ.ഡി. 25/1220/2022 തിയതി. 28.11.2021 | 8 |
| 2011-12 | കെ.എസ്.എ -പി.കെ.ഡി. 25/1220/2022 തിയതി. 28.11.2021 | 5 |
| 2012-13 | എൽ.എഫ്.പി.22-836/15 തിയതി 6-10-15 | 3 |
| 2013-14 &2014-15 | കെ.എസ്.എ. പി. കെ.ഡി. 9/ 1227/16 തീയ്യതി 2-8-2016 | 23 |
| 2015-16 | കെ എസ് എ.പി കെ ഡി-9 /2300/16 തിയ്യതി 30.12.16 | 10 |
| 2016-17 | കെ എസ് എ.പികെഡി-9/ 1714/17/ തിയ്യതി 1.11.17 | 8 |
| 2017-18 | കെ എസ് എ. പികെഡി9/ 310/19/ തിയ്യതി 12.03.19 | 38 |
| 2018-19 | കെ എസ് എ. പികെഡി9/ 310/19/ തിയ്യതി 12.03.19 | 10 |
| 2019-20 | കെ എസ് എ. പികെഡി9/ 1451/22/ തിയ്യതി 06.07.2022 | 4 |
| 2020-21 | കെ എസ് എ. പികെഡി9/ 1451/22/ തിയ്യതി 06.07.2022 | 22 |

അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**അനുബന്ധം-1**
**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -3
# വാർഷിക ധനകാര്യ പത്രിക

| | | | |
|---|---|---|---|
| | Thenkara Grama Panchayat<br>BALANCE SHEET | | |
| | As on 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -13020518.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 8129.00 |
| 312000000 | Reserves | B-3 | 82934808.00 |
| | Total Reserve & Surplus | | 69922419.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17219732.00 |
| | Total Grants, Contributions for Specific Purposes | | 17219732.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 64337904.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 64337904.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 393101.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2814584.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3207685.00 |
| | TOTAL LIABILITIES | | 154687740.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1556837.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1072796.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 20328138.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 75458421.00 |
| 416000000 | Accumulated Depreciation | B-11(a) | -36612771.00 |
| | Total Fixed Assets | | 61803421.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 21000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4075619.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 64777904.00 |
| 450000000 | Cash and Bank Balance | B-17 | 22334701.00 |
| 460000000 | Loans, Advances and Deposits | B-18 | 1696095.00 |
| 461000000 | Accumulated Provisions against Loans,Advances and<br>Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 92884319.00 |

| | | | |
|---|---|---|---|
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 154687740.00 |

| | | | |
|---|---|---|---|
| | Thenkara Grama Panchayat<br><br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4027599.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br><br>(BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 653810.00 |
| 150000000 | Sale & Hire Charges | I-5 | 99700.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br><br>Subsidies | I-6 | 205850549.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 294866.00 |
| 180000000 | Other Income | I-9 | 92904.00 |
| 190000000 | Prior Period Income | I-19 | -26195.00 |
| | Total Income | | 211019428.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11169050.00 |
| 220000000 | Administrative Expenses | I-11 | 980771.00 |
| 230000000 | Operations & Maintenance | I-12 | 2748053.00 |
| 240000000 | Interest & Finance Charges | I-13 | 126.00 |
| 250000000 | Decentralised Plan Programme-Productive Sector /<br><br>Programme Expenses | I-14 | 4182526.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 32180641.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 18652353.00 |
| 253000000 | Decentralised Plan Programme-Projects not included in<br><br>Sector Division | I-14(C) | 58800487.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br><br>Schemes (not included under Decentralized Plan Programme) | I-14(D) | 73629000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1717036.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br><br>Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and<br><br>Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 6412705.00 |
| | Total Expenditure | | 210472748.00 |
| | Gross Surplus / Deficit of income over Expenditure | | 546680.00 |
| | Gross Surplus / Deficit of income over Expenditure | | 570375.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 2500.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat<br><br>Fund) | | -23695.00 |

| | | | |
|---|---|---|---|
| | Thenkara Grama Panchayat<br><br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10154468.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 656990.00 |
| 140000000 | Fees & User Charges | RP-4 | 584270.00 |
| 150000000 | Sale & Hire Charges | RP-5 | 99700.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51831985.00 |
| 171000000 | Interest Earned | RP-9 | 294866.00 |
| 190000000 | Prior Period Income | RP-11 | 1960.00 |
| 311000000 | Earmarked Funds | RP-28 | 313.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 18111881.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11751006.00 |
| 460000000 | Loans, Advances and Deposits | RP-49 | 3000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 92894.00 |
| 330000000 | Secured Loans | RP-31 | 2120000.00 |
| 340000000 | Deposits Received | RP-33 | 4083.00 |
| 350000000 | Other Liabilities | RP-35 | 290332.00 |
| | Grand total | | 95997748.00 |
| | PAYMENTS | | |
| | Operating | | |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 7585493.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 19020696.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 9335559.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 0.0 |
| 412000000 | Capital Work In Progress | RP-39 | 561441.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 834217.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2038566.00 |
| 460000000 | Loans, Advances and Deposits | RP-49 | 1330955.00 |
| | Non Operating | | |

ഡെപ്യൂട്ടി ഡയറക്ടർ